# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 9-1444/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 21/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 9-1444/2023 തീയ്യതി: 21/12/2023

## ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ. റോയ് .ടി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ .എൻ സജീവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ലത എൽ | സെക്രട്ടറി | 01-04-2022 | 29-10-2022 |
| ശ്രീമതി.സബീന എസ് | സെക്രട്ടറി | 30-10-2022 | 12-12-2022 |
| ശ്രീമതി.സിന്ധു ആർ ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-12-2022 | 01-02-2023 |
| ശ്രീ.റ്റി.ഡി ഹരികുമാർ | സെക്രട്ടറി | 02-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ബിനിൽ ബി ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ.ഹേമ എസ് നായർ | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ഡോ.ശേഷനാഗ് എം പി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.സബിത വിജയൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സജീദ എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.ജിനു അരവിന്ദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 05-09-2022 |
| ശ്രീമതി.ശാലിനി | അസിസ്റ്റന്റ് എൻജിനീയർ | 06-09-2022 | 19-11-2022 |
| ശ്രീമതി.സരിത എസ് | അസിസ്റ്റന്റ് എൻജിനീയർ | 20-11-2022 | 31-03-2023 |
| ശ്രീമതി.പ്രിയങ്ക | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ജുൽഫിൻ എ യോഗി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ.ഷമീന അബ്ദുള്ള | മെഡിക്കൽ ഓഫീസർ,ഫിഷറീസ് ഡിസ്പെൻസറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീതാകുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-10-2022 |
| ശ്രീമതി.സിന്ധു ആർ ദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 31-03-2023 |
| ഡോ.നൂപുര | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.അർച്ചന എം എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൌണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | മുന്നിരുപ്പ് തുക നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകയും ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-5 |
| 7 | ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വെള്ളക്കരം കുടിശ്ശിക - ബാലൻസ് ഷീറ്റിൽ ചേർത്തില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ബജറ്റ്-അവലോകനം | 1-2-1 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 20 | ഓഡിറ്റ് ഇംപാക്ട് - അങ്കണവാടികൾക്ക് ഇൻഡോർ കളി ഉപകരണങ്ങൾ - അധികം ചെലവഴിച്ച തുക തിരികെ ഒടുക്കി | 1-11 |
| 21 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |
| 22 | ലൈസൻസ് ഇല്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 23 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-14 |
| 24 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയില്ല | 1-15 |
| 25 | ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-16 |
| 26 | മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-17 |

| | | |
|---|---|---|
| 27 | വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 1-18 |
| 28 | വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതുമൂലം അധികചെലവ് | 1-19 |
| 29 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | ഭൂജല വകുപ്പ് മുഖേന ട്യൂബ് വെൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-21 |
| 31 | പാലിന് സബ്സിഡി- ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല | 1-22 |
| 32 | ILGMS- അടിസ്ഥാന സൗകര്യം ഒരുക്കൽ (113/23) - യഥാസമയം തുക കൈമാറാതിരുന്നത് അധികച്ചെലവിന് ഇടയാക്കി | 1-23 |
| 33 | വ്യവസായ വകുപ്പിൽ നിന്നുളള ഇന്റേണിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകൽ (93/2023) - | 1-24 |
| 34 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു | 1-25 |
| 35 | ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-26 |
| 36 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-27 |
| 37 | കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 38 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ -കരാർ ചമയ്ക്കാതെ വാങ്ങൽ നടത്തി | 1-29 |
| 39 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് (പ്രോ.നം 101/2023) – ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുന്നു | 1-30 |
| 40 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു | 1-31 |
| 41 | കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു | 1-32 |
| 42 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-33 |
| 43 | തൊഴിലുറപ്പ് പ്രവൃത്തി-കായൽവാരം ഓട നിർമ്മാണം | 1-33-1 |
| 44 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 1-34 |
| 45 | നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ഒപ്പുവെക്കുന്നില്ല | 1-35 |

| | | |
|---|---|---|
| 46 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല | 1-36 |
| 47 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-37 |
| 48 | മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി-അധിക ചെലവ് | 1-38 |
| 49 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം | 1-39 |
| ഭാഗം **2** | | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 2-2 |
| ഭാഗം **3** | | |
| 1 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 3-1 |
| 2 | മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി-അധിക ചെലവ് | 3-2 |
| 3 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 3-3 |
| 4 | വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതുമൂലം അധികചെലവ് | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023-ലെ ജനറൽ കമ്മറ്റി തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 04.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൌണ്ടിംഗ്ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2)(എഫ്) പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (1,13,13,696/-)അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (79,03,717/-) പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 മുന്നിരുപ്പ് തുക നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

SBI E Payment (37066250780) അക്കൌണ്ടിന്റെ 2021-22 വർഷത്തെ നീക്കിയിരുപ്പ് (RP40(b)-646395/-) 2022-23 ലെ മുന്നിരുപ്പുമായി (RP40(a) -646400/-) പൊരുത്തപ്പെടുന്നില്ല.

ILGMS ൽ Common Marriage Registration രസീത് ഓട്ടോജനറേറ്റഡ് ആയി മുന്നിരുപ്പിൽ ഉൾപ്പെട്ടതാണ് വ്യത്യാസത്തിന് കാരണമായി ഓഡിറ്റ് അന്വേഷണം നം. 04/05.12.23 നുള്ള മറുപടിയിൽ രേഖപ്പെടുത്തിയത്.

1-1-4 വാർഷിക കണക്കിലെ തുകയും ചെലവ് പത്രികയും പൊരുത്തപ്പെടുന്നില്ല

Dev.Fund (General) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും (39771893/-) വാർഷികകണക്ക് പ്രകാരമുള്ള 39992693/- രൂപയുടെ ചെലവും (I6 – 35883515/-+ Capital Contribution -4109178/-) പൊരുത്തപ്പെടുന്നില്ല. വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായുള്ള മുട്ടക്കോഴി വിതരണം പ്രോജക്ട് (നം.75/23) റിവൈസ് ചെയ്തത് വെറ്റിംഗ് ഓഫീസർ അംഗീകരിക്കാതിരുന്നത് കാരണം സുലേഖ എക്സ്പെൻ്റീച്ചറിൽ പ്രസ്തുത ചെലവ് (2,20,800/-) ഉൾപ്പെടാതിരുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത്. ഐകെഎം സഹായത്തോടെ പ്രോജക്ടിന് അംഗീകാരം നേടി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-5 തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

1. MGNREGA അഡ്മിൻ ചെലവ് മാത്രം I 14 (F) ൽ ഉൾപ്പെടുത്തേണ്ടതിന് പകരം EFMS ചെലവ് തുകയും ചേർത്തിരിക്കുന്നു.

2. മുൻവർഷങ്ങളിൽ നിർവഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ പൂർണ്ണമായും B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| നിർവഹണ ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക |
|---|---|---|
| വാട്ടർ അതോറിറ്റി | 552112 | 550881/- |
| പി ഡബ്ല്യൂ ഡി | 1149394/- | 1149394/- |

1-1-6 ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

1-1-7 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കും വിധം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-8 വെള്ളക്കരം കുടിശ്ശിക - ബാലൻസ് ഷീറ്റിൽ ചേർത്തില്ല

വെള്ളക്കരം കുടിശ്ശികയായി 31.03.23ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 9,35,23,806/- രൂപ ഉണ്ടെങ്കിലും ഈ തുക ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് 2023-24 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.04/05.12.23 നുള്ള മറുപടിയിൽ അറിയിച്ചു.

1-2 ബജറ്റ്

2022-23 ലെ ബജറ്റ് 26.03.2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 26.03.2023 ലെ 2-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതുമായ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 344406386 | 360877771 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 221605922 | 219795162 |

1-2-1 ബജറ്റ്-അവലോകനം

2022-23 വർഷത്തെ ബജറ്റ് 26.3.2022-ലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 26.03.2023ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

2. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

3. ജെന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/11.12.23) ലഭ്യമാക്കിയ മറുപടിയിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിരുന്നില്ലെന്നും 2023-24ലെ ബജറ്റിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് മാനുവൽ ചട്ടം 3.1.4, 3.1.5എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ അക്കൗണ്ടിംഗ് സോഫ്റ്റ്വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24948774 |
| വരവ് | 56120899 |
| ആകെ | 81069673 |
| ചെലവ് | 48217182 |
| നീക്കിയിരിപ്പ് | 32852491 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (രൂപ) | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) (രൂപ) | ആകെ(രൂപ) | ചെലവ്(സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ) (രൂപ) | നീക്കിയിരുപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 00 | 46238000 | 46238000 | 39992693 | 6245307 * |
| വികസനഫണ്ട് (എസ്.സി.പി) | 00 | 2783000 | 2783000 | 2769497 | 13503* |
| സംരക്ഷണഗ്രാന്റ് (റോഡ്) | 00 | 10382000 | 10382000 | 1861559 | 8520441 * |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 00 | 9547000 | 9547000 | 3888752 | 5658248* |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | 5782428 | 11832000 | 17614428 | 7454597 | 10159831 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | 00 | 4599435 | 4599435 | 0 | 4599435 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (ബാങ്ക്) | 2027532 | 8292956 (404956/- രൂപ പലിശ | 10320488 | 2002430 | 8318058 |

| | | | | | |
|---|---|---|---|---|---|
| | | സഹിതം) | | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് (ട്രഷറി) | 00 | 55039 | 55039 | 54604 | 435 |

* ലാപ്സായ തുക

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 160 | 154042728 | 105 | 65427697 | 03 | 52 | 65.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2256 | 17,98,659 | 18,00,915 | 17,98,019 | 2896 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 11,48,06,000 | 11,48,06,000 | 11,48,06,000 | 0 |
| ആകെ | 2256 | 11,66,04,659 | 11,66,06,915 | 11,66,04,019 | 2896 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 489600 | 351 |
| വിധവാ പെൻഷൻ | 11449300 | 1178 |
| വാർദ്ധക്യകാല പെൻഷൻ | 16179300 | 1883 |
| വികലാംഗ പെൻഷൻ | 5244200 | 498 |
| അവിവാഹിത പെൻഷൻ | 892500 | 86 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2023 ൽ 3.00 P.M ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 3233/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ വരവ്, ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽ ചേർത്തവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും തമ്മിലുള്ള അന്തരം

| ഇനം | ബജറ്റ് പ്രകാരം (₹)A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം (₹)B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 2100000 | 1373126 | -726874 |
| തൊഴിൽ നികുതി (തൻവർഷം) | 1250000 | 991850 | -258150 |
| വാടക വരവ് | 55000 | 40400 | -16600 |
| ഫീ & യൂസർ ചാർജ് | 560000 | 329404 | -230596 |
| സെയിൽ & ഹയർ ചാർജസ് | 147000 | 64732 | -82268 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 800000 | 721311 | -78689 |
| പലിശ ലഭിച്ചത് | 200000 | 137736 | -62264 |
| മറ്റു വരവുകൾ | 321000 | 285093 | -35907 |
| ആകെ | 5433000 | 3943652 | -1489348 |

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതി ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 7.8.2023-ലെ 1(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാന വർദ്ധനവ് നേടാനാവുന്നതാണ്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാന നഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നു ശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ) തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻ കട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാര സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാന വർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി

അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പ് വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട് - അങ്കണവാടികൾക്ക് ഇൻഡോർ കളി ഉപകരണങ്ങൾ - അധികം ചെലവഴിച്ച തുക തിരികെ ഒടുക്കി

നിർവഹണ ഉദ്യോഗസ്ഥ – ഐസിഡിഎസ് സൂപ്പർവൈസർ
പ്രോജക്ടിന്റെ പേര് – അങ്കണവാടികൾക്ക് ഇൻഡോർ കളി ഉപകരണങ്ങൾ വാങ്ങൽ
പ്രോജക്ട് നം.S0163/23
ഫണ്ട് – വികസന ഫണ്ട്
അടങ്കൽ – 225000/-
ചെലവ് – 209395/-
ബിൽ നം, തീയതി 46/22-23/28.03.23

കളിഉപകരണങ്ങൾ വാങ്ങുന്നതിനായി പടവാതിൽ ഡിസ്ട്രിബ്യൂട്ടേഴ്സ്, കോട്ടയം, ഓർഡിയന്റ് എന്റർപ്രൈസസ്, മലപ്പുറം, ഡ്രീം ഇൻഡ്യ സ്കൂൾ എയ്ഡ്, കോട്ടയം, എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10.03.23ലെ 1 (11)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചത് ഓർഡിയന്റ് എന്റർപ്രൈസസ്, മലപ്പുറം നൽകിയ 1198/- രൂപ നിരക്കാണ്. എന്നാൽ ഈ സ്ഥാപനം Rockerസപ്ലൈ ചെയ്തത് 1198/- രൂപക്ക് പകരം 1319.35/- രൂപക്കാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിൽ നിന്നും ഉയർന്ന നിരക്കിൽ സാധനം സപ്ലൈ ചെയ്തതിനാൽ 40 എണ്ണം Rocker നായി 4855/- [52775 (1319.35 X 40) – 47920 (1198 X 40)] രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

ക്വോട്ട് ചെയ്തതിലും ഉയർന്ന നിരക്കിൽ വാങ്ങലിനായി തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/08.12.23), അധികം ചെലവായ തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ (രസീത് നം.1230000290/16.12.23) ഒടുക്കിയതായി മറുപടി നൽകി. പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക വികസന ഫണ്ടിന്റെ നിശ്ചിത ഹെഡ്ഡിൽ ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ, 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടത്തിലെ ചട്ടം 18,19 പട്ടിക 3 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം | ഈടാക്കിയ മോട്ടോർ | ഈടാക്കേണ്ട മോട്ടോർ | കുറവ്/റിമാർക്ക്സ് |
|---|---|---|---|---|---|

| | | | ഫീസ് | ഫീസ് | |
|---|---|---|---|---|---|
| 1 | സുബി ജെ വെളും‍പറമ്പിൽ വെൽഡിംഗ് &എഞ്ചിനിയറിംഗ് വർക്ക് ഷോപ്പ് | 6/622 | ------ | 10HP (അപേക്ഷ പ്രകാരം) 100 | 100 |
| 2 | ഷാജഹാൻ,നെടുംത്തറയിൽ തടിമിൽ | 16/388 | 150 | 15 HP (അപേക്ഷ പ്രകാരം) 200 | 50 |
| 3 | വിശ്വംഭരൻ, ഫ്ലോർ മിൽ | 18/106 | ---- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 4 | വത്സല ഫ്ലോർ മിൽ | 12/69A | ---- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 5 | സുരേന്ദ്രൻ ഫ്ലോർ മിൽ | 14/314C | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 6 | ഷീന മോൾ ഫ്ലോർ മിൽ | 16/425 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 7 | ഷക്കീല ഫ്ലോർ മിൽ | 6/209 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 8 | സജീവ് കുമാർ ഫ്ലോർ മിൽ | 7/120 | ---- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 9 | സഞ്ജയ കുമാർ ഫ്ലോർ മിൽ | 2/422 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |

| | |
|---|---|
| ആകെ | 850 |

മേൽ അപാകതയ്ക്ക് കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (16/11.12.23)ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ആറാട്ടുപുഴ കിഴക്കേക്കര ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 294ഡി)Apcos |
| 2 | ആറാട്ടുപുഴ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A ഡി)Apcos |
| 3 | കണ്ടപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 231 (ഡി)Apcos |
| 4 | കള്ളുഷാപ്പുകൾ |
| 5 | റേഷൻ കടകൾ |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/11.12.23) മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ആറാട്ടുപുഴ കിഴക്കേക്കര ക്ഷീരോൽപാദക | 1&2 |

| | |
|---|---|
| സഹകരണ സംഘം ക്ളിപ്തം നം-A 294ഡി)Apcos | |
| ആറാട്ടുപുഴ ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A ഡി)Apcos | 1&2 |
| കണ്ടപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം ക്ളിപ്തം നം-A 231 (ഡി)Apcos | 1 &2 |
| കരാറുകാർ | 1 &2 |
| റേഷൻ കടകൾ | 1 &2 |

സ്ഥാപനങ്ങൾ, ജീവനക്കാർ, തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ എന്നതിനും മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(8/11.12.23), ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനും കരാറുകാർ മറ്റ് സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡേറ്റാ ബേയ്സ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/ 2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബെയ്സിൽ ആകെ 2ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വിവരങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തി പഞ്ചായത്തിലെ മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും, കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉൾപ്പെടെയുള്ള അനധികൃത മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (03/4.12.2023) നല്കിയതിൽ പഞ്ചായത്തിൽ 3 അനധികൃത മൊബൈൽ ടവറുകൾ ഉണ്ടെന്ന് കണ്ടെത്തിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടെലി കമ്മ്യൂണിക്കേഷൻ ടവർ | വാർഡ് നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | ജിയോ | 16 | സുൽഫി, വെട്ടുപറമ്പിൽ |
| 2 | ഐഡിയ | 15 | മുഹമ്മദ് അഫ്സൽ, പീടിക വടക്കേതിൽ |
| 3 | ബി.എസ്.എൻ.എൽ | 13 | ശ്രീചിത്തിര വിലാസം, അരയ സമാജം, കള്ളിക്കാട് |

അനധികൃതമായി പ്രവർത്തിക്കുന്ന മുകളിൽ സൂചിപ്പിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിൽനിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (8/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുകയുടെയും ലഭിച്ച മരുന്നിന്റെയും വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നൽകിയ തുക ബിൽ നം.തീയതി/ ചെക്ക്നം. തീയതി | ലഭിച്ച മരുന്ന് | ലഭിക്കാനുള്ളത് |
|---|---|---|---|---|
| S0024/23 | ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങിനൽകൽ | 1,00,000/-(15 /20.02.23) | ലഭിച്ചില്ല | 1,00,000/- |
| | | 1309000/- (10/28.12.22) | 5,14,460/- | 7,94,540/- |
| S0164/23 | അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ | 2,12,000/- (18/28.03.23) | 1,51,855/- | 60,145/-/- |
| S0017/23 | പാലിയേറ്റീവ് പരിചരണ പദ്ധതി | 1,49,869/- (9/23.12.22) | ലഭിച്ചില്ല | 1,49,869/- |
| | | 49081/- (16/13.03.23) | 46625/- | 2456/- |
| | | 49928/- (3430901/28.03.23) | ലഭിച്ചില്ല | 49928/- |
| | | 1,50,000/- (3051021/15.03.23) | 77470/- | 72530/- |
| | ആകെ | 2019878/- | 7,90,410/- | 12,29,468/- |

ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണ (നം.06/06.12.23) ത്തിന് മരുന്നുകൾ ലഭിക്കുന്നതിന് കാരുണ്യ ഫാർമസിക്ക് കത്ത് നൽകിയെന്ന് അറിയിച്ചു. ബാക്കിയുള്ള 12,29,468/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് മറുപടി നൽകേണ്ടതാണ്.

1-18 വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

നിർവഹണ ഉദ്യോഗസ്ഥ – ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് – വൃദ്ധർക്ക് കട്ടിൽ

പ്രോജക്ട് നം – S0078/23

ഫണ്ട് – വികസന ഫണ്ട്

അടങ്കൽ -861300/-, ചെലവ് വിവരം - 1)ബിൽ നം.45/22-23/28.03.23 , Rs-308700/-

2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ട് പ്രകാരം 105 പേർക്ക് Jas Industries, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 2940/- രൂപ നിരക്കിൽ കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ഓരോ ഇനത്തിനും അനുവദനീയമായ സബ്സിഡിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീ.28.05.2022 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി കട്ടിൽ കൈപ്പറ്റിയ 105 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (07/08.12.23) ത്തിന് നിർധനരും നിരാലംബരുമായ അറുപത് വയസ്സ് കഴിഞ്ഞ വ്യക്തികളെയാണ് ഗ്രാമസഭ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നാണ് അറിയിച്ചത്. എന്നാൽ മറുപടി സാധൂകരിക്കുന്നതിനായി, ഗുണഭോക്താക്കൾ നിരാലംബരാണ് എന്നത് സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥയുടെ സാക്ഷ്യപ്പെടുത്തലുൾപ്പെടെ ആധികാരികമായ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിനാവശ്യമായ വിവരങ്ങൾ കൂടി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതുമൂലം അധികചെലവ്

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ ഉത്തരവ് നം (അ)/01 /04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04, സർക്കുലർ നം 7441/ഡി-1/04 ഐ ആന്റ് പി ആർ. തീയതി 21.06.04 എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട് കോളം (8cmx3cm)=24cm$^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണ, നിർവ്വഹണ മോണിട്ടറിംഗ് ചെലവ് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.S0053/23) ഭാഗമായി ടെൻഡർ പരസ്യങ്ങൾക്കായി പത്ര പരസ്യം നൽകിയതിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ അനുവദനീയമായതിലും കൂടുതൽ തുക വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ചെലവഴിക്കുവാൻ ഇടയായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പത്രത്തിന്റെ പേര്/ | പരസ്യത്തിന്റെ വലിപ്പം (CM2) | പരസ്യ നിരക്ക് | ആകെ അനുവദിച്ച് | അനുവദനീയമായ തുക | അധികം നൽകിയ | ബിൽ നം, |
|---|---|---|---|---|---|---|---|

| | ഇൻവോയ്സ് നം | | | നൽകിയ തുക | | തുക | തീയതി |
|---|---|---|---|---|---|---|---|
| 01 | ദേശാഭിമാനി ALP/22-23/ 2010/ 2.3.22 | 32 | 180 | (32x180 – 15% Dis) + 5% GST= 5141 | 24X180 – 15% Dis) + 5% GST =3856 | 5141-3856 = 1285 | 116/ 6.1.2023 |
| 02 | ദേശാഭിമാനി ALP/22-23/ 2148/ 13.3.22 | 32 | 180 | (32x180 – 15% Dis) + 5% GST= 5141 | 24X180 – 15% Dis) + 5% GST =3856 | 5141-3856 = 1285 | 116/ 6.1.2023 |
| 03 | ദേശാഭിമാനി ALP/22-23/ 0276/ 18.5.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 04 | ദേശാഭിമാനി ALP/22-23/ 0834/ 19.8.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 05 | ദേശാഭിമാനി ALP/22-23/ 1142/ 13.10.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 06 | ദേശാഭിമാനി ALP/22-23/ 1496/2.12.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 07 | ദേശാഭിമാനി ALP/22-23/ 2105/9.2.23 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 239/ 20.3.2023 |
| 08 | ദേശാഭിമാനി ALP/22-23/ 2111/10.2.23 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 239/ 20.3.2023 |
| 09 | ദേശാഭിമാനി ALP/22-23/ 2181/18.2.23 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 239/ 20.3.2023 |
| | ആകെ തുക | | | | | 13567/- | |

പരസ്യങ്ങൾ നല്കമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യ തുകയിൽ 13567/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/11.12.2023) ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരസ്യം നൽകുന്നതുമൂലമാണ് സൈസ് വർദ്ധിക്കുന്നതെന്നും ഭാവിയിൽ ഇത് ഒഴിവാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

അധികം ചെലവഴിച്ച 13567/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

ചെലവ് വിവരം.

ബിൽ നം 239/20.3.2023 - 50919/-

ബിൽ നം 116/6.1.2023 - 43944/-

1-20 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

കെ.എസ്.ഇ.ബി ആറാട്ടുപുഴ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് നം DB1/ES /APZA/2022-23 Dt 28.3.2023 പ്രകാരം താഴെപറയുന്ന സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾക്കായി 2061216/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 01 | വാർഡ് 10 രാമൻചേരി സൗത്ത് ട്രാൻസ്ഫോർമർ ഏരിയ. | 323421 |
| 02 | വാർഡ് 10 രാമൻചേരി നോർത്ത് ട്രാൻസ്ഫോർമർ ഏരിയ. | 567946 |
| 03 | വാർഡ് 10 പെരുമ്പള്ളി വെസ്റ്റ് ട്രാൻസ്ഫോർമർ ഏരിയ. | 59236 |
| 04 | വാർഡ് 10 പെരുമ്പള്ളി ഈസ്റ്റ് ട്രാൻസ്ഫോർമർ ഏരിയ. | 275947 |
| 05 | വാർഡ് 9പെരുമ്പള്ളി പമ്പ് ഹൗസ് ട്രാൻസ്ഫോർമർ ഏരിയ. | 236052 |
| 06 | വാർഡ് 9 പനയ്ക്കൽ ട്രാൻസ്ഫോർമർ ഏരിയ. | 473534 |
| 07 | വാർഡ് 9, 10 എന്നിവിടങ്ങളിൽ മീറ്ററിംഗ് | 125080 |
| | ആകെ | 2061216 |

എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ 10,00,000/- രൂപ തൻവർഷത്തെ പ്രോ.നം 190/23-ൽ നിന്നും ശേഷിക്കുന്ന 1061216/- രൂപ 2023-24 വർഷത്തെ പ്രോജക്ടിൽ നിന്നും നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിബന്ധനകൾ ഉൾപ്പെടുത്തി ബോർഡുമായി കരാർ ചമച്ചതായി കാണുന്നില്ല. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി കെ.എസ്.ഇ.ബിയാണ് പഞ്ചായത്തുമായി കരാർ ചമയ്ക്കേണ്ടിയിരുന്നതെന്നും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും ഫണ്ട് നഷ്ടപ്പെടുന്നത് ഒഴിവാക്കാനുമാണ് കരാർ ചമയ്ക്കാതെ തുക നൽകിയതെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (11/11.12.2023) മറുപടി നൽകിയത്. പ്രവർത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ തൻവർഷം നൽകിയ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം 305/29.3.2023 – 10,00,000/-

1-21 ഭൂജല വകുപ്പ് മുഖേന ട്യൂബ് വെൽ സ്ഥാപിക്കൽ - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി തൻവർഷം രണ്ട് പദ്ധതികൾക്കായി 18,45,000/-രൂപ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. എഫ്.എച്ച്.സിയ്ക്ക് സമീപം ട്യൂബ് വെൽ സ്ഥാപിക്കൽ (പ്രോ.നം 175/23) എന്ന

പ്രോജക്ടിനായി ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 150 മീറ്റർ ആഴവും 0.20 മീറ്റർ വ്യാസവുമുള്ള കുഴൽ കിണറിന്റെ നിർമ്മാണ ചെലവ് 10,70,000/- രൂപയും എസ്.എൻ മന്ദിരത്തിന് സമീപം ട്യൂബ് വെൽ സ്ഥാപിക്കൽ (പ്രോ.നം 14/23) എന്ന പ്രോജക്ടിനായി ഭൂജല വകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 150 മീറ്റർ ആഴവും 0.20 മീറ്റർ വ്യാസവുമുള്ള കുഴൽ കിണറിന്റെ നിർമ്മാണ ചെലവ് 7,75,000/- രൂപയുമാണ്. മേൽ പ്രോജക്ടുകൾക്കായി ഭൂജല വകുപ്പിന് തുക കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഭൂജല വകുപ്പുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല.

ഭൂജല വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതിനാലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാലും 18,45,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എഫ്.എച്ച്.സിയ്ക്ക് സമീപം ട്യൂബ് വെൽ സ്ഥാപിക്കൽ (പ്രോ.നം 175/23), എസ്.എൻ മന്ദിരത്തിന് സമീപം ട്യൂബ് വെൽ സ്ഥാപിക്കൽ (പ്രോ.നം 14/23) എന്നീ പ്രോജക്ടുകൾക്കായി ഭൂജല വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഒരേ ആഴത്തിലും വ്യാസത്തിലും കുഴൽ കിണർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുള്ള അടങ്കൽ തുക വ്യത്യസ്തമാണ്.

രണ്ട് പ്രോജക്ടുകൾക്ക് വ്യത്യസ്ത അടങ്കൽ തുക നിശ്ചയിച്ചതു സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഭൂജല വകുപ്പിൽ നിന്നും വിശദീകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/11.12.2023) മറുപടി ലഭ്യമാക്കി.

അധികം തുക നൽകുവാനിടയായിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>ചെലവ് വിവരം.</u>

ബിൽ നം 134/28.1.2023 – 7,75,000/-

ബിൽ നം 322/31.3.2023 – 10,70,000/-

### 1-22 പാലിന് സബ്സിഡി- ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല

പ്രോജക്ട് നം. : 90/23 പാലിന് സബ്സിഡി

അടങ്കൽ : വികസന ഫണ്ട്- 500000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം- 200000/-

ജില്ലാ പഞ്ചായത്ത് വിഹിതം-100000/-

ചെലവ് : 800000/-

1.ബിൽ നം. 1 തീയതി.18.01.23-360300/-രൂപ

2.ബിൽ നം.2 തീയതി.18.01.23-150468/-രൂപ

3.ബിൽ നം.3 തീയതി.4.03.2023-139700/-രൂപ

4.ബിൽ നം.4 തീയതി.17.03.23-100000/-രൂപ

5.ബിൽ നം.5 തീയതി.28.3.2023-49532/-രൂപ

ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പാലിന് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

| ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം. | തുക |
|---|---|---|
| ബാബു | 22070952011801256701 | 1000 |
| | 22070952011801458716 | 412 |
| ആകെ | | 1412 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/11.12.2023), ഡയറി ഫാം ഇൻസ്ട്രക്ടർ നല്കിയ മറുപടിയിൽ ബാബു, ചിപ്പിട്ടുചിറ എന്ന കർഷകൻ അപേക്ഷയോടോപ്പം സമർപ്പിച്ച പാസ്ബുക്കിലെ അക്കൌണ്ടിലേക്കാണ് സബ്സിഡി മാറി നൽകിയിട്ടുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ആനുകൂല്യം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമായി എന്നുറപ്പുവരുത്തേണ്ടതാണ്.

## 1-23 ILGMS- അടിസ്ഥാന സൗകര്യം ഒരുക്കൽ (113/23) - യഥാസമയം തുക കൈമാറാതിരുന്നത് അധികച്ചെലവിന് ഇടയാക്കി

ILGMS പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 2021-22 വർഷത്തെ 208/2022 നമ്പർ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും ഏസർ ബ്രാൻഡ് ലാപ് ടോപ്പ് വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് ആവശ്യപ്പെട്ട് കത്ത് നൽകുകയും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 42799/- രൂപയിൽ 33051/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും നൽകുകയും ചെയ്തു. തനത് ഫണ്ടിൽ നിന്നും നൽകേണ്ട 9748/- രൂപ നിശ്ചിത സമയത്തനുള്ളിൽ നൽകാതിരുന്നതിനാൽ വർക്ക് ഓർഡർ റദ്ദായി. തുടർന്ന് 2022-23 വർഷം ടി പ്രോജക്ടിന് സ്പിൽ ഓവർ അംഗീകരം വാങ്ങുകയും കെൽട്രോണിൽ നിന്നുള്ള പുതിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 46288/-രൂപയിൽ മുൻവർഷം നൽകിയ തുക കുറച്ച് ശേഷിക്കുന്ന 13237/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2021-22 വർഷത്തെ 208/2022 നമ്പർ പ്രോജക്ട് പ്രകാരമുള്ള തുക യഥാസമയം നൽകാതിരുന്നത് മൂലമാണ് 3489/- രൂപ (46288 - 42799) അധികം ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. കോവിഡുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തനം സുഗമമായി നടക്കാതിരുന്നതുകൊണ്ടാണ് 2021-22 വർഷത്തെ 208/2022 നമ്പർ പ്രോജക്ട് പ്രകാരമുള്ള തുക നൽകുവാൻ കഴിയാതിരുന്നത് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (13/11.12.2023) മറുപടി നൽകിയത്. കോവിഡ് മൂലമാണ് തനത് ഫണ്ടിൽ നിന്നുള്ള തുക നൽകാൻ കഴിയാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ ഫണ്ട് ദുർവ്യയം ചെയ്യപ്പെടുന്നില്ലായെന്ന് ഉറപ്പാക്കി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം.

ചെക്ക് നം - 1437277/*19.1.2023 - 13237-*

## 1-24 വ്യവസായ വകുപ്പിൽ നിന്നുള്ള ഇന്റേണിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകൽ (93/2023) -

സംരംഭക പ്രവർത്തനങ്ങളിൽ താല്പര്യമുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രചോദനവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം വ്യവസായ വകുപ്പിൽ നിന്നും ഒരു ഇന്റേണിന് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. ഇന്റേണിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി കെൽട്രോൺ മുഖേന ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും ഒരു പ്രിന്ററും വാങ്ങുന്നതിനായി 64635/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ ഏസർ ബ്രാൻഡ് M200 H510 മോഡൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പഞ്ചായത്തിലെ JC1 സെക്ഷനും എച്ച്.പി ബ്രാൻഡ് M208dw മോഡൽ പ്രിന്റർ SC3 സെക്ഷനും നൽകുകയാണ് ചെയ്തിട്ടുള്ളത്. ആവശ്യകത നിർണ്ണയിക്കാതെ പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/11.12.2023) താഴെപറയും പ്രകാരം മറുപടി ലഭ്യമാക്കി.

സ്ഥല പരിമിതി മൂലം ഇന്റേണിന് ഓഫീസിൽ പ്രത്യേകം നെറ്റ് കണക്ഷനോടുകൂടിയ സീറ്റ് സജ്ജീകരിക്കുവാൻ സാധിക്കാതിരുന്നതിനാലാണ് SC3, JC1 സെക്ഷനുകൾക്ക് ഇടയിൽ താല്കാലികമായി സീറ്റ് അനുവദിച്ചതെന്നും ഇന്റേണിന്റെ പ്രവർത്തന മേൽനോട്ട ചുമതല JC1 സെക്ഷന് ആയതിനാലാണ് കമ്പ്യൂട്ടർ ടി സെക്ഷന് അനുവദിച്ചതെന്നും പ്രിന്ററിന് നെറ്റ് വർക്ക് കണക്ഷൻ നൽകിയിട്ടുള്ളത് SC3 സെക്ഷന്റെ കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ചാണ്. ആയതിനാലാണ് പ്രിന്റർ SC3 സെക്ഷന് അനുവദിച്ചതെന്നും മറുപടി നൽകി.

കമ്പ്യൂട്ടറും പ്രിന്ററും ആവശ്യപ്പെട്ടുകൊണ്ട് ഇന്റേൺ അപേക്ഷ നൽകിയതിന്റെ രേഖകൾ ഫയലില്ല. ഇന്റേണിന് താല്കാലികമായി അനുവദിച്ചിട്ടുള്ള മുറിയിൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും പ്രിന്ററും സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുമില്ല. കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെ പ്രോജക്ട് ആവിഷ്കരിക്കുകയും വാങ്ങിയ ഉപകരണങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്ത ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി വിനിയോഗിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്. ഇന്റേണിന് സീറ്റ് അനുവദിച്ച് അവിടെ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും പ്രിന്ററും സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി അവ സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം - ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉപയോഗത്തിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് അവസാനമായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് 10/2018 ലാണ്. സംയുക്ത പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ ആകെ 973 പൊതു ടാപ്പുകൾ നിലനിൽക്കുന്നതായും ഇതിൽ 966 ഉപയോഗിക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് പൊതുടാപ്പുകളുടെ എണ്ണം 1212-ൽ നിന്നും 966 ആയി പരിമിതപ്പെടുത്തുകയും ഡിമാന്റ് പുനക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നിരന്തരമായ കത്തിടപാടുകളെ തുടർന്ന് 239 ടാപ്പുകൾക്ക് വർഷങ്ങളോളം ചുമത്തിയിരുന്ന വെള്ളക്കരം ഒഴിവാക്കി നൽകുന്നതിന്റെ ഭാഗമായി 08/2022ൽ ആകെ ഡിമാന്റ് തുക 207748545/- രൂപയിൽ നിന്നും 81003661/- രൂപയായി ക്രമപ്പെടുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി 966 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ എല്ലാ മാസവും 4,65,934/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. തൻവർഷം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5099200/- രൂപ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 10/2018 നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 966 പൊതുടാപ്പുകളിൽ ബഹുഭൂരിപക്ഷവും നിലവിൽ പ്രവർത്തിക്കുന്നില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന ലക്ഷങ്ങൾ ചെലവഴിച്ച് വിവിധ വാർഡുകളിൽ ട്യൂബ് വെൽ സ്ഥാപിക്കുകയും മുൻകാലങ്ങളിൽ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും ജലജീവൻ മിഷനിലൂടെ ഭരിഭാഗം വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതിനാലും ഗ്രാമപഞ്ചായത്തിൽ പൊതു ടാപ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ പരിശോധനയിൽ 220 പൊതുടാപ്പുകൾ മാത്രമാണ് ജനങ്ങൾ ഉപയോഗിക്കുന്നതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 746 ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 17/06/2023 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുകയും ടി വിവരം 20/06/2023ലെ കത്ത് നം. C1-306/2023 മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ ആലപ്പുഴയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വാർഡ് നം | വെള്ളക്കരം ചുമത്തുന്ന ടാപ്പുകളുടെ എണ്ണം | ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം |
|---|---|---|
| I | 60 | 07 |

| | | |
|---|---|---|
| II | 51 | 04 |
| III | 40 | 06 |
| IV | 53 | 33 |
| V | 119 | 39 |
| VI | 76 | 10 |
| VII | 50 | 11 |
| VIII | 86 | 10 |
| IX | 71 | 01 |
| X | 68 | 17 |
| XI | 47 | 17 |
| XII | 24 | 18 |
| XIII | 61 | 15 |
| XIV | 32 | 02 |
| XV | 20 | 03 |
| XVI | 27 | 16 |
| XVII | 65 | 23 |
| XVIII | 65 | 07 |
| T0tal | 973 | 220 |

എന്നാൽ 10/2018ൽ നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയ 966 പൊതുടാപ്പുകൾക്കാണ് നിലവിലും വെള്ളക്കരം ചുമത്തുന്നത്. ഉപയോഗിക്കാത്ത 746 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/11.12.23) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗിക്കാത്ത പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി എത്രയുംവേഗം തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു

ചെലവ് വിവരം.

ബിൽ നം - 121/7.1.2023 – 3261538/-

ബിൽ നം -213/10.3.2023 - 1837662/-

1-26 ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം ആരംഭിച്ചില്ല.

ശ്രീമതി.ശുഭ/രാജു, കാവിന്റെ പടീറ്റതിൽ എന്ന ഗുണഭോക്താവ് 2020-21 വർഷം അഡ്വാൻസ് 40,000/- രൂപ കൈപ്പറ്റിയെങ്കിലും നിലവിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ട്, വഴി പ്രശ്നം എന്നിവ കാരണമാണ് നിർമ്മാണം ആരംഭിക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 15/11.12.23) മറുപടിയിൽ വിഇഒ അറിയിച്ചു. ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കാൻ സന്നദ്ധമാണെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും അല്ല എങ്കിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. തുടർഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

മുൻവർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിലവിലും നിർമ്മാണം പൂർത്തിയാക്കിയില്ല.

| ഗുണഭോക്താവിന്റെ പേര് | ഭവനനിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക |
|---|---|---|
| ശ്രീ,പ്രസാദ്/ദിവ്യ, വടക്കേ പറമ്പിൽ | 2020-21 | 3,00,000/- |
| ശ്രീ.ഷജൻ, ശാസ്താം പറമ്പിൽ | 2021-22 | 1,00,000/- |
| ശ്രീ.ബിജു,തെക്കേപോളയിൽ | 2021-22 | 3,00,000/- |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. ക്രമനം.1, 2 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം നൽകേണ്ടതാണ്.

1-27 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം - S0021/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 3,00,000/-

ചെലവ് – 3,00,000/- (ബിൽ നം. 1/22-23/20.01.23)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 3,00,000/-രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 1,79,218/- രൂപയുടെ മരുന്നുകൾ (Inv.no.LF 695/26.07.23) മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,20,782/-)മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ (നം.05/06.12.23) ത്തിന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. 1,20,782/-രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് മറുപടി നൽകേണ്ടതാണ്.

1-28 കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - S0071/23 കന്നുകുട്ടി പരിപാലനം

അടങ്കൽ - 12,50,000/- (വികസനഫണ്ട്)

-12,50,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

-25,00,000 /- (ഗുണ.വിഹിതം)

ആകെ -2500000/-

ചെലവ് വിവരം.

ബിൽ നം - 137/20.1.2023 – 12,50,000/-

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പ്രോജക്ടിൽ 1250000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത സംഘങ്ങൾ മുഖേന പദ്ധതി നടപ്പാക്കിയതിന്റെ രേഖകളോ,

പദ്ധതി പൂർത്തീകരിച്ചതു സംബന്ധിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിൽ നിന്നും വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/06.01.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 12,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ -കരാർ ചമയ്ക്കാതെ വാങ്ങൽ നടത്തി

അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ 2022-23 വർഷം നടപ്പാക്കിയ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ (പ്രോ.നം S0028/23) എന്ന പ്രോജക്റ്റ് പ്രകാരം ജെം പോർട്ടൽ മുഖേന മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള 72 എണ്ണം ഏസർ ബ്രാൻഡ് ലാപ് ടോപ്പുകൾ ആർ.ജെ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി 29,61,353/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ആർ.ജെ എന്റർപ്രൈസസുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട വാങ്ങലിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. ആർ.ജെ എന്റർപ്രൈസസുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതതിനായി ഓഡിറ്റ് എൻക്വയറി (നം. 24/11.12.2023) നൽകിയെങ്കിലും കരാർ രേഖകൾ ലഭ്യമാക്കിയില്ല. ആർ.ജെ എന്റർപ്രൈസസ്, കോട്ടയവുമായി കരാറിലേർപ്പെടാതെ ലാപ്ടോപ്പുകൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങളുടെ ലംഘനമാണ്. ഇതുമൂലം സംസ്ഥാന സർക്കാരിന് മുദ്രപത്ര വിലയിനത്തിൽ 2970/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക ആർ.ജെ എന്റർപ്രൈസസിൽ നിന്നോ യഥാസമയം കരാർ ചമയ്ക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 512/09.11.2022 -2961353

## 1-30 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് (പ്രോ.നം 101/2023) - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി തൻവർഷം 13,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 165 ഗുണഭോക്താക്കൾ ഭക്ഷ്യധാന്യ കിറ്റ് കൈപ്പറ്റുന്നുണ്ട്. ഇവരിൽ 97 പേർക്ക് പ്രതിമാസത്തേയ്ക്ക് 500/- രൂപ മൂല്യമുള്ള ഭക്ഷ്യധാന്യ കിറ്റും 47 പേർക്ക് 700 രൂപ മൂല്യമുള്ള ഭക്ഷ്യധാന്യ കിറ്റും 20 പേർക്ക് പ്രതിമാസത്തേയ്ക്ക് 900/- രൂപ മൂല്യമുള്ള ഭക്ഷ്യധാന്യ കിറ്റുമാണ് വിതരണം നടത്തുന്നത്. മൂന്ന് മാസത്തിലൊരിക്കൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രം മുഖേനയാണ് ഇവ വാങ്ങി വിതരണം നടത്തുന്നത്. സപ്ലൈകോയുടെ ഇൻവോയ്സ് പരിശോധിച്ചതിൽ, വിതരണം ചെയ്യുന്ന പല സാധനങ്ങളും ഗുണഭോക്താക്കളുടെ ത്രൈമാസ ആവശ്യകതയുമായി പൊരുത്തപ്പെടുന്നില്ലായെന്ന് കാണുന്നു.

ഉദാഹരണത്തിന് ഹാജരാക്കിയ രേഖകൾ പ്രകാരം വിവിധ കാറ്റഗറിയിലുള്ള 165 ഗുണഭോക്താക്കൾക്ക്

മൂന്ന് മാസത്തേയ്ക്ക് ആവശ്യമായ ചെറുപയറിന്റെ അളവ് 184kg ആണ്. എന്നാൽ സപ്ലൈകോയുടെ 20.12.2022ലെ ഇൻവോയ്സ് നമ്പർ 225/4375 പ്രകാരം 212.5kg വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നു.

അതുപോലെ ഗുണഭോക്താക്കൾക്ക് മൂന്ന് മാസത്തേയ്ക്ക് ആവശ്യമായ ഉഴുന്നിന്റെ അളവ് 279.5kg ആണ്. എന്നാൽ സപ്ലൈകോയുടെ 20.12.2022ലെ ഇൻവോയ്സ് നമ്പർ 225/4375 പ്രകാരം 346kg ഉഴുന്ന് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നു. ഇതിൽ നിന്നും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് യഥാർത്ഥത്തിൽ ആവശ്യമായതിലും കൂടുതൽ അളവിൽ സാധനങ്ങൾ സപ്ലൈക്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതായി വ്യക്തമാകുന്നു. ഇത് അധിക ചെലവിന് ഇടയാക്കുന്നു. ഇൻഡന്റ് പ്രകാരമുള്ള അളവിലാണ് സപ്ലൈകോയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/12.12.2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്.

ഗുണഭോക്താക്കളുടെ എണ്ണവും ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ അളവും കൃത്യമായ കണക്കാക്കി അതനുസരിച്ച് സപ്ലൈകോയ്ക്ക് പർച്ചേസ് ഓർഡർ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു

സേവന സോഫ്റ്റ്വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ തുക സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/ മേൽവിലാസം | പെൻഷൻ തരം /ഐ.ഡി | പെൻഷൻ സസ്പെൻഡ് ചെയ്ത തിയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | രത്നമ്മ | വാർദ്ധക്യകാല പെൻഷൻ 634057789765 | 6.7.22 | 5/2022-9/2022 വരെ 8000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 2 | നബീസ | വാർദ്ധക്യകാല പെൻഷൻ 776122348656 | 6.7.22 | 10/2021 -6/2022 വരെ 14400/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 3 | കാർത്തികേയൻ | വാർദ്ധക്യകാല പെൻഷൻ 721175566695 | 6.7.22 | 2/2022-6/2022 വരെ 8000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 4 | വാമനൻ | വാർദ്ധക്യകാല പെൻഷൻ 738433170783 | 6.7.22 | 1/2021-6/2022 വരെ 28500/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 5 | ജാനകി | വാർദ്ധക്യകാല പെൻഷൻ 370097038825 | 6.7.22 | 9/2021-6/2022 വരെ 16000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 6 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ 811572735674 | 6.7.22 | 5/2020-6/2022 വരെ 40500/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 7 | സരോജിനി | വാർദ്ധക്യകാല പെൻഷൻ 529371950929 | 6.7.22 | 12/2020-6/2022 വരെ 30000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 8 | സുകുമാരി | വിധവ പെൻഷൻ 260038597704 | 7.7.22 | 9/2021 -6/2022വരെ 16000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 9 | സത്യഭാമ | വിധവ പെൻഷൻ 320507645806 | 7.7.22 | 2/2021- 6/2022 വരെ 27000/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |
| 10 | റുക്കിയത്ത് | വിധവ പെൻഷൻ 969808375620 | 7.7.22 | 9/2020- 6/2022 വരെ 34100/-രൂപ | മരണപ്പെട്ടതിനാൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല. |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ സൊസൈറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/12.12.23) മറുപടിയായി 2022-23 വർഷം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്ത പെൻഷൻ തുകകൾ തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം, ഹെഡ് ഓഫീസ് ബ്രാഞ്ചിലെ നമ്പർ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) എന്ന അക്കൌണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഇനിയും വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-32 കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2022-23ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06

ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250 രൂപ നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടിയിനത്തിൽ ഒടുക്കേണ്ട തുക | സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|
| 1 | S0057/22, (S0032/23) പനയ്ക്കൽ ജംഗ്ഷന്-കുറിയപ്പ ശ്ശേരിൽ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം | ശിവപ്രസാദ് ജെ (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 19 ബാരൽ | 5605 | 855 | 5605 | 1/25.6.22 |
| 2 | 190/22(37/23), കടവത്ത് കുന്നം പുറത്ത് റോഡ് പുനരുദ്ധാരണം | സരുൺ റാവു. (റോഡ് മെയിന്റനൻസ് ഗ്രാന്റ്) | 15 ബാരൽ | 4425 | 675 | 4445 | 3/25.6.22 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള കാലി വീപ്പയുടെ വില ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്കും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

### 1-33 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ - S0057/22, (S0032/23)

പനയ്ക്കൽ ജംഗ്ഷന്-കുറിയപ്പശ്ശേരിൽ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം

അടങ്കൽ- 1328319/- (മെയിന്റനൻസ് ഗ്രാന്റ്- 10,00,000, വികസന ഫണ്ട് പൊതുവിഭാഗം- 328319)

കരാർ തുക- 1197001.59/-

കരാറുകാരൻ – ശിവപ്രസാദ് ജെ

എഗ്രിമെന്റ് നമ്പർ 21/AE/LSGD/21-22 /09.12.2021
ബിൽ നമ്പർ/ തിയതി-1/25.6.22, 432854 (മെയിന്റനൻസ് ഗ്രാന്റ് -റോഡ്)

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 22.10.2021ൽ ആണ്. ഇത് പ്രകാരം 06.11.21നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 09.12.2021 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ

സ്വീകരിക്കേണ്ടതുമാണ്. മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമാനുസൃതം ഈടാക്കേണ്ട ഫൈൻ (1197001.59x1%), 11970/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-33-1 തൊഴിലുറപ്പ് പ്രവൃത്തി-കായൽവാരം ഓട നിർമ്മാണം

### 1. നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, വർക്ക് കോഡ്- RC 378550, കായൽവാരം ഓട നിർമ്മാണം എന്ന പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച ശ്രീ. രാധാകൃഷ്ണൻ എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 298647/- രൂപ കരാർ തുകയായി അംഗീകരിച്ച് 13.12.21ൽ ഇയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 21.01.22 ൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതുമാണ്. ഇതനുസരിച്ച് 05.2.22നുള്ളിൽ ഇയാളുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 31.10.22ൽ മാത്രമാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാർ തുകയുടെ 1% പിഴയായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/12.12.23) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് നിശ്ചിത സമയത്തിനുള്ളിൽ എഗ്രിമെന്റ് വെക്കാൻ സാധിക്കാതിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി 10.10.2022ലെ 4(1) തീരുമാന പ്രകാരം സമയം നീട്ടി നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സമയം നീട്ടി നൽകിയപ്പോൾ പി.ഡബ്ള്യൂ.ഡി മാനവൽ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാർ തുകയുടെ 1% (298647x1%), 2986/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

### 2. നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ഒപ്പുവെക്കുന്നില്ല

2018ലെ കേരള സ്റ്റാമ്പ് (അമന്റ്മെന്റ്) ആക്ട് അനുസരിച്ച് കരാർ തുകയുടെ 0.1% നിരക്കിൽ മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. ഇതനുസരിച്ച് (298647x0.1%) 300രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം കരാറുകാരനുമായി 200/-രൂപയുടെ മുദ്രപ്പത്രത്തിൽ മാത്രമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്(43/22 /31.10.22). മുദ്രപ്പത്ര വിലിനത്തിൽ സംസ്ഥാന സർക്കാരിന് 100 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/12.12.23) ലഭ്യമാക്കിയ മറുപടിയിൽ ഇനിമുതൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാർ പ്രവൃത്തികളിൽ എഗ്രിമെന്റ് വെക്കേണ്ടിവരുമ്പോൾ നിയമാനുസൃത മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2ലക്ഷം കൂടിയത് 5ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ്

കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്റ്റ് നമ്പർ- | കരാറുകാരന്റെ പേര് | കരാർ തുക | 0.2%നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | കടവത്ത് കുന്നുംപുറത്ത് റോഡ് പുനരുദ്ധാരണം | 190/22 (37/23), | സരുൺ റാവു. | 1133142 | 2266 | 3/25.6.22 |
| 2 | മംഗലം എൽ.പി. സ്കൂൾ കെട്ടിടം പുനരുദ്ധാരണം | 34/23 | ശ്യാമള സഹജൻ | 2644654 | 5289 | 37/3.9.22 |
| 3 | നല്ലാണിക്കൽ സ്കൂൾ നവീകരണം | 135/23 | അബ്ദുൾ മജീദ്ഖാൻ | 430675 | 861 | 8/25.3.23 |
| 4 | മൃഗാശുപത്രി കെട്ടിടം നവീകരണം | 140/23 | സിയാദ് | 358922 | 718 | 10/29.3.23 |
| | | | | | 9134 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള വിധം ഇൻഷ്വറൻസ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 9134രൂപ ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-35 നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ഒപ്പുവെക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, S0105/2022 നമ്പരായി 2021-22ൽ ഏറ്റെടുത്തതും S0034/23 നമ്പറായി 2022-23ൽ പൂർത്തിയാക്കിയതുമായ മംഗലം എൽ.പി.സ്കൂൾ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഫയൽ പ്രകാരം ശ്രീമതി. ശ്യാമള സഹജൻ എന്ന വ്യക്തിയാണ് കരാറ് ഏറ്റെടുത്തിട്ടുള്ളത്. 3289764/-രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ അംഗീകരിച്ച കരാർ തുക 2644654/-രൂപയാണ്. ഇതനുസരിച്ച് കരാർ തുകയുടെ 0.1% നിരക്കിൽ മൂല്യമുള്ള 2650/-രൂപയുടെ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം കരാറുകാരനുമായി 1600/-രൂപയുടെ മുദ്രപ്പത്രത്തിൽ മാത്രമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളതെന്ന് കാണുന്നു. (28/AE/28.3.22). 2018ലെ കേരള സ്റ്റാമ്പ് ആക്ട് (അമന്റ്മെന്റ്) അനുസരിച്ച് കരാർതുകയുടെ 0.1% നിരക്കിൽ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. മുദ്രപ്പത്ര വിലയിനത്തിൽ 1050/- രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിനുണ്ടായിട്ടുണ്ട്. നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/11.12.23) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം

ബിൽ നമ്പർ/തിയതി- 37/3.9.22- 2644654

1-36 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്- കുടുംബശ്രീ യൂണിറ്റുകളെ ഏല്പിക്കുന്നില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ, ഓരോ പ്രവൃത്തികൾക്കുമുള്ള മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ

ക്ഷണിക്കുമ്പോൾ കുറഞ്ഞ നിരക്ക് കോട്ട് ചെയ്യുന്ന കരാറുകാർക്കുതന്നെ പദ്ധതിയോടനുബന്ധിച്ച് നടപ്പിലാക്കേണ്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡും നൽകിയിട്ടുള്ളതായി കാണുന്നു. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 14.9.2018ലെ2679/EGS/17/REGS കത്തിലെ നിർദ്ദേശ പ്രകാരം ഓരോ ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെ തൊഴിലുറപ്പ് പദ്ധതിക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. കൂടാതെ ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത ഗ്രൂപ്പുകൾക്ക് ആവശ്യമായ മൂലധനം നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമ/ബ്ലോക്ക് തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 100 തൊഴിലുറപ്പ് പദ്ധതികൾക്കെങ്കിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന്റെ ചുമതല ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ സന്നദ്ധരായ ഒരു ഗ്രൂപ്പിനെ ഏല്പിക്കുമ്പോൾ പ്രസ്തുത ഗ്രൂപ്പിന് വർഷത്തിൽ കുറഞ്ഞത് 5 ലക്ഷം രൂപയുടെയെങ്കിലും ടേൺ ഓവർ ഉണ്ടാകുന്നതാണ്. ഇത് അവരുടെ ഉപജീവനത്തെ സഹായിക്കും എന്ന വ്യക്തമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. നിലവിലും മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർ മുഖാന്തിരമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചുവരുന്നത്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ ഈ നിർദ്ദേശാനുസരണമുള്ള യാതൊരു നടപടികളും കൈക്കൊള്ളാതെ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമല്ല. ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മാണം ഏല്പിക്കുന്നതുവഴി പ്രസ്തുത യൂണിറ്റിലെ ഓരോ അംഗത്തിന്റേയും പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതിനും ഇത് അവരുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും ഭൗതിക ജീവിത നിലവാരം ഉയർത്തുന്നതിനും അതുവഴി സമൂഹത്തിന്റെ തന്നെ ഉന്നമനത്തിന് വഴിയൊരുക്കുന്നതുമായ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുകൂലമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/12.12.23) ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീ സംരംഭങ്ങൾ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ വേഗത്തിലുള്ള നടത്തിപ്പിനായി മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർക്ക് തന്നെ ബോർഡ് സപ്ലൈ ചെയ്യുവാനുള്ള ഓർഡർ നൽകുകയാണ് ചെയ്തു വരുന്നതെന്നും കുടുംബശ്രീ സംരംഭങ്ങൾ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർമ്മിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പരാമർശിത നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-37 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

1. പ്രോജക്ട് നമ്പർ- 127/23 കരീത്തറ ആലുംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ്

900000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ-ഉത്തമൻ, പി.എ.സി- 662836/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം 73.191$m^3$ ചെയ്തിട്ടുണ്ട്. ആയത് 72.45m3ൽ പരിമിതപ്പെടുത്തി 898.64/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. സി.പി.ഡബ്ള്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10% കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ഈ പ്രവർത്തിയിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ് / തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 73.191m$^3$ (72.45m$^3$ൽ പരിമിത പ്പെടുത്തി) | 72.45m$^3$ X 898.64/m$^3$ | 65106 | 73.191m$^3$ -10% = 65.871m$^3$ X898.64/m$^3$ =59194 | 65106-59194 =5912 +18% =6976/- | 244/22-23 /22.3.23, 782146/- |

2. പ്രോജക്ട് നമ്പർ-177/23
കാഞ്ചീപുരം റോഡ് കോൺക്രീറ്റിംഗ്

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 600000/-

കരാറുകാരൻ-ഷെരീഫ്, പി.എ.സി- 421721/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം 18m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 918.27/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ് /തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 18m$^3$ | 18m$^3$ X 918.27/m$^3$ | 16529 | 18m$^3$ -10% = 16.2m$^3$x918.27/m$^3$ =14876 | 16529-14876=1653 +18% =1951/- | 242/22-23 /22.3.23, 526324/- |

3.പ്രോജക്ട് നമ്പർ- 118/23
താനത്ത് പുതുവൽ ഇളശ്ശേരി കായൽവാരം റോഡ് കോൺക്രീറ്റിംഗ്

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 750000/-

കരാറുകാരൻ-അനിൽകുമാർ.പി , പി.എ.സി- 556085/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം 12.15m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 903.5/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ്/തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ | ബിൽ നമ്പർ |
|---|---|---|---|---|---|

| | | | | തുക | |
|---|---|---|---|---|---|
| $12.15m^3$ | $12.15m^3$ X $903.5/m^3$ | 10978 | $12.15m^3$ -10% = $10.935m^3$x $903.5/m^3$ =9880 | 10978-9880 =1098 +18% =1296/- | 243/22-23 /22.3.23, 647563/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ നിയമാനുസൃതം കുറവ് ചെയ്യേണ്ട കൺസോളിഡേഷൻ കുറവ് ചെയ്യാതെ മൂല്യ നിർണ്ണം നടത്തിയതുവഴി കരാറുകാർക്ക് അധികം നൽകിയ (6976+ 1951+ 1296),10223/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-38 മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി- അധിക ചെലവ്

വർക്ക് കോഡ്- RC/373470

എം.വി. പടന്നയിൽ നടപ്പാത

അടങ്കൽ-132036, കരാറുകാരൻ- മുഹമ്മദ് സാലിഹ്

ആകെ മൂല്യം 124239/-, എഫ്.ടി.ഒ- 16127/26.3.23

2022-23ൽ നടപ്പിലാക്കിയ എം.വി. പടന്നയിൽ നടപ്പാത എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 133/22-23 പ്രകാരം 47 മീറ്റർ നീളത്തിൽ വ്യത്യസ്ത വീതിയിൽ 0.15മീറ്റർ കനത്തിൽ 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 11.261m3 ചെയ്തിട്ടുണ്ട്. ആയതിന് $8876.318/m^3$ നിരക്കിൽ 99956/- രൂപ നൽകിയിട്ടുണ്ട്. $11.261m^3$, 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് $0.52m^3$ എന്ന നിരക്കിൽ $5.86.m^3$, 40mm മെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 2 പ്രകാരം ഈ പ്രവൃത്തിക്കായി $5.86m^3$, 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ $5.42m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ $5.42m^3$ മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് $10.42m^3$ മാത്രമാണ്.

$5.42m^3$ 40mm മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്നതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/12.12.23) ലഭ്യമാക്കിയ മറുപടിയിൽ അളവ് പുസ്തകത്തിൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയതിലെ അശ്രദ്ധമൂലമാണ് 40mm മെറ്റലിന്റെ അളവ് കുറഞ്ഞുപോയതെന്ന് പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. $10.42m^3$ കോൺക്രീറ്റിംഗ് ചെയ്യുവാനാവശ്യമായ മെറ്റലുപയോഗിച്ച് $11.985m^3$ കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ ആവശ്യമായ ഗുണനിലവാരം കൈവരിക്കുവാൻ സാധിക്കാതെ വരുന്നതാണ്. ആകയാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| $5.42m^3$ മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് | | $10.42m^3$ |
| ചെയ്ത അളവ് | | $11.261m^3$ |
| നൽകിയ തുക | $11.261m^3$ X$8876.318/m^3$ | 99956 |
| നൽകാവുന്ന തുക | $10.42m^3$ X$8876.318/m^3$ | 92491 |

| | | |
|---|---|---|
| അധികം | | 7465 |

മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-39 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമ പഞ്ചായത്തിൽ 2022-23ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനായി അപേക്ഷിച്ച 5481 കുടുംബങ്ങളിൽ നിന്നുമായി 6317 പേർക്കായി ആകെ 3,70,692 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. ഇതിൽ 398 കുടുംബങ്ങൾക്ക് തൻ വർഷം 100ദിവസത്തെ തൊഴിൽ നൽകുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

നടപ്പിലാക്കിയ പ്രവൃത്തികൾ

1. ഭൂ വികസന പ്രവൃത്തികൾ

2. നഴ്സറികൾ

3. നടപ്പാത, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ

2022-23ൽ ഏറ്റെടുത്ത് നടപ്പിലാക്കിയ ഭൂ വികസന പ്രവൃത്തികൾക്കായി തൻവർഷം 6,09,09,800/-രൂപയും നഴ്സറികൾക്കായി 4,91,62,910/-രൂപയും മറ്റ് നടപ്പാത, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ മെറ്റീരിയൽ ചെലവുൾപ്പെടെ ആകെ 11,42,92,430/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വേതന ഘടകമിനത്തിൽ മാത്രം കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഗ്രാമ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അൺസ്കിൽഡ് വേതനം | സ്കിൽഡ് വേതനം | മെറ്റീരിയൽ | ആകെ |
|---|---|---|---|---|
| 2020-21 | 10,20,97,000 | 23,06,000 | 2,98,55,000 | 13,42,58,000 |
| 2021-22 | 11,06,71,720 | 42,77,372 | 2,01,78,962 | 13,51,28,054 |
| 2022-23 | 9,94,77,086 | 2,90,344 | 1,45,25,000 | 11,42,92,430 |

18 വാർഡുകൾ മാത്രമുള്ള ഗ്രാമ പഞ്ചായത്തിൽ 5481 കുടുംബങ്ങൾക്കായി തൻ വർഷം 9,97,67,430/- രൂപ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. അതുപോലെ 2021-22ൽ 11,49,49.092/-രൂപയും 2020-21ൽ10,44,03,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. 2022-23ൽ ഒരു വാർഡിൽ ശരാശരി 55,42,635/-രൂപ വേതന ഘടകമിനത്തിൽ വിതരണം ചെയ്യപ്പെട്ടു. അതായത് പഞ്ചായത്തിന്റെ തൻവർഷത്തെ പദ്ധതിചെലവിന്റെ (6കോടി) ഇരട്ടിയോളം തുക തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഇത്രയും വലിയ തുക ചെലവഴിക്കപ്പെടുമ്പോൾ ആയതിന് ആനുപാതികമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ കൃത്യമായി അളവെടുത്ത് സൂപ്പർവിഷൻ നടത്തി മൂല്യ നിർണ്ണയം നടത്തുന്നതിന് തൊഴിലുറപ്പ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് വീതം ഓവർസീയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ആകെ 5 ജീവനക്കാരാണുള്ളത്. ആയതിനാൽ തന്നെ പ്രവൃത്തികളെല്ലാം പരിശോധനാ വിധേയമാക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നത് അസാധ്യമാണ്. പ്രവൃത്തികളുടെ ബാഹുല്യം മൂലം അവയുടെ കൃത്യത ഗുണഫലം എന്നിവ ഉറപ്പാക്കപ്പെടാതെ പോകുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. അതുപോലെ

പദ്ധതികളുടെയെല്ലാം ഗുണഫലമായി സാമ്പത്തിക, സാമൂഹിക ഉന്നമനവും ജീവിത നിലവാരത്തിലെ പുരോഗതിയും വിലയിരുത്തപ്പെടേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ 5481 കുടുംബങ്ങൾക്കായി തൻ വർഷം 3,70,692 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും അതിൽ 398 കുടുംബങ്ങൾക്ക് 100ദിവസത്തെ തൊഴിൽ നൽകുവാനും ഗ്രാമ പഞ്ചായത്തിന് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ, 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടത്തിലെ ചട്ടം 18,19 പട്ടിക 3 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസി/ സ്ഥാപനം | വാർഡ്/കെട്ടിട നം | ഈടാക്കിയ മോട്ടോർ ഫീസ് | ഈടാക്കേണ്ട മോട്ടോർ ഫീസ് | കുറവ്/റിമാർക്സ് |
|---|---|---|---|---|---|
| 1 | സുബി ജെ വെളുംപറമ്പിൽ വെൽഡിംഗ് &എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | 6/622 | ------ | 10HP (അപേക്ഷ പ്രകാരം) 100 | 100 |
| 2 | ഷാജഹാൻ, നെടുംത്തറയിൽ തടിമില്ല് | 16/388 | 150 | 15 HP (അപേക്ഷ പ്രകാരം) 200 | 50 |
| 3 | വിശ്വംഭരൻ, ഫ്ലോർ മില്ല് | 18/106 | ---- | 10 HP (അപേക്ഷ പ്രകാരം) | 100 |
| 4 | വത്സല ഫ്ലോർ മില്ല് | 12/69A | ---- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 5 | സുരേന്ദ്രൻ ഫ്ലോർ മില്ല് | 14/314C | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |

| | | | | | |
|---|---|---|---|---|---|
| 6 | ഷീന മോൾ ഫ്ലോർ മില്ല് | 16/425 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 7 | ഷക്കീല ഫ്ലോർ മില്ല് | 6/209 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 8 | സജീവ് കുമാർ ഫ്ലോർ മില്ല് | 7/120 | ---- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| 9 | സഞ്ജയ കുമാർ ഫ്ലോർ മില്ല് | 2/422 | --- | 10 HP (അപേക്ഷ പ്രകാരം) 100 | 100 |
| ആകെ | | | | | 850 |

മേൽ അപാകതയ്ക്ക് കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി (16/11.12.23)ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-2 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

1. പ്രോജക്ട് നമ്പർ - S0057/22, (S0032/23)

പനയ്ക്കൽ ജംഗ്ഷന്-കുറിയപ്പശ്ശേരിൽ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം

അടങ്കൽ- 1328319/- (മെയിന്റനൻസ് ഗ്രാന്റ്- 10,00,000, വികസന ഫണ്ട് പൊതുവിഭാഗം- 328319)

കരാർ തുക- 1197001.59/-

കരാറുകാരൻ -ശിവപ്രസാദ് ജെ

എഗ്രിമെന്റ് നമ്പർ 21/AE/LSGD/21-22 /09.12.2021

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 22.10.2021ൽ ആണ്. ഇത് പ്രകാരം 06.11.21നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 09.12.2021 ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമാനുസൃതം ഈടാക്കേണ്ട ഫൈൻ (1197001.59x1%), 11970/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

2. കായൽവാരം ഓട നിർമ്മാണം

വർക്ക് കോഡ്- RC 378550

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച ശ്രീ. രാധാകൃഷ്ണൻ എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 298647/- രൂപ കരാർ തുകയായി അംഗീകരിച്ച് 13.12.21ൽ ഇയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതും 21.01.22 ൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതുമാണ്. ഇതനുസരിച്ച് 05.2.22നുള്ളിൽ ഇയാളുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 31.10.22ൽ മാത്രമാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാർ തുകയുടെ 1% പിഴയായി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/12.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാർ തുകയുടെ 1% (298647x1%), 2986/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

3. നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ഒപ്പുവെക്കുന്നില്ല

2018ലെ കേരള സ്റ്റാമ്പ് (അമന്റ്മെന്റ്) ആക്ട് അനുസരിച്ച് കരാർ തുകയുടെ 0.1% നിരക്കിൽ മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്. ഇതനുസരിച്ച് (298647x0.1%) 300രൂപ മുഖവിലയുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം കരാറുകാരനുമായി 200/-രൂപയുടെ മുദ്രപ്പത്രത്തിൽ മാത്രമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്(43/22 /31.10.22). മുദ്രപ്പത്ര വിലിനത്തിൽ സംസ്ഥാന സർക്കാരിന് 100രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. കരാർ പ്രവൃത്തികളിൽ എഗ്രിമെന്റ് വെക്കേണ്ടിവരുമ്പോൾ നിയമാനുസൃത മൂല്യമുള്ള മുദ്രപ്പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | കരാർ തുക | 0.2%നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | കടവത്ത് കുന്നംപുറത്ത് | 190/22 (37/23), | സരുൺ റാവു | 1133142 | 2266 | 3/25.6.22 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് പുനരുദ്ധാരണം | | | | | |
| 2 | മംഗലം എൽ.പി. സ്കൂൾ കെട്ടിടം പുനരുദ്ധാരണം | 34/23 | ശ്യാമള സഹജൻ | 2644654 | 5289 | 37/3.9.22 |
| 3 | നല്ലാണിക്കൽ സ്കൂൾ നവീകരണം | 135/23 | അബ്ദുൾ മജീദ്ഖാൻ | 430675 | 861 | 8/25.3.23 |
| 4 | മൃഗാശുപത്രി കെട്ടിടം നവീകരണം | 140/23 | സിയാദ് | 358922 | 718 | 10/29.3.23 |
| | | | | | 9134 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള വിധം ഇൻഷ്വറൻസ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 9134രൂപ ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-2 മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി- അധിക ചെലവ്

വർക്ക് കോഡ്- RC/373470

എം.വി. പടന്നയിൽ നടപ്പാത

അടങ്കൽ-132036, കരാറുകാരൻ- മുഹമ്മദ് സാലിഹ്

ആകെ മൂല്യം 124239/-, എഫ്.ടി.ഒ- 16127/26.3.23

2022-23ൽ നടപ്പിലാക്കിയ എം.വി. പടന്നയിൽ നടപ്പാത എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 133/22-23 പ്രകാരം 47 മീറ്റർ നീളത്തിൽ വ്യത്യസ്ത വീതിയിൽ 0.15 മീറ്റർ കനത്തിൽ 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 11.261$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 8876.318/$m^3$ നിരക്കിൽ 99956/- രൂപ നൽകിയിട്ടുണ്ട്. 11.261$m^3$ 1:2:4അനുപാതത്തിൽ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.52$m^3$ എന്ന നിരക്കിൽ 5.86.$m^3$, 40mm മെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 2 പ്രകാരം ഈ പ്രവൃത്തിക്കായി 5.86$m^3$, 40mmമെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 5.42$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ 5.42$m^3$ മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് 10.42$m^3$ മാത്രമാണ്.

5.42$m^3$ 40mm മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്നതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/12.12.23) ലഭ്യമാക്കിയ മറുപടിയിൽ അളവ് പുസ്തകത്തിൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയതിലെ അശ്രദ്ധമൂലമാണ് 40mmമെറ്റലിന്റെ അളവ് കുറഞ്ഞുപോയതെന്ന് പറഞ്ഞിരിക്കുന്നു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 10.42$m^3$ കോൺക്രീറ്റിംഗ് ചെയ്യുവാനാവശ്യമായ മെറ്റലുപയോഗിച്ച് 11.985$m^3$ കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ ആവശ്യമായ ഗുണനിലവാരം കൈവരിക്കുവാൻ സാധിക്കാതെ വരുന്നതാണ്. ആകയാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 5.42$m^3$മെറ്റലുപയോഗിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് | 10.42$m^3$ |

| | | |
|---|---|---|
| ചെയ്ത അളവ് | | $11.261m^3$ |
| നൽകിയ തുക | $11.261m^3$ X$8876.318/m^3$ | 99956 |
| നൽകാവുന്ന തുക | $10.42m^3$ X$8876.318/m^3$ | 92491 |
| അധികം | | 7465 |

മേൽ സൂചിപ്പിച്ചവിധം അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

3-3 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

1. പ്രോജക്റ്റ് നമ്പർ- 127/23

കരീത്തറ ആലുംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ്

900000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ-ഉത്തമൻ, പി.എ.സി- 662836/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം $73.191m^3$ ചെയ്തിട്ടുണ്ട്. ആയത് $72.45m^3$ൽ പരിമിതപ്പെടുത്തി $898.64/m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. സി.പി.ഡബ്ള്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10% കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. ഈ പ്രവർത്തിയിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ്/തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| $73.191m^3$ ($72.45m^3$ൽ പരിമിത പ്പെടുത്തി) | $72.45m^3$ X $898.64/m^3$ | 65106 | $73.191m^3$ -10% = $65.871m^3$ X$898.64/m^3$ =59194 | 65106-59194 =5912 +18% =6976/- | 244/22-23 /22.3.23, 782146/- |

2. പ്രോജക്റ്റ് നമ്പർ-177/23

കാഞ്ചീപുരം റോഡ് കോൺക്രീറ്റിംഗ്

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 600000/-

കരാറുകാരൻ-ഷെരീഫ്, പി.എ.സി- 421721/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ

ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം 18m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 918.27/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ് / തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 18m$^3$ | 18m$^3$ X 918.27/m$^3$ | 16529 | 18m$^3$ -10% = 16.2m$^3$x 918.27/m$^3$ =14876 | 16529-14876 =1653 +18% =1951/- | 242/22-23 /22.3.23, 526324/- |

3. പ്രോജക്ട് നമ്പർ-118/23

താനത്ത് പുതുവൽ ഇളശ്ശേരി കായൽവാരം റോഡ് കോൺക്രീറ്റിംഗ്

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 750000/-

കരാറുകാരൻ-അനിൽകുമാർ.പി , പി.എ.സി- 556085/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം 1 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് (വിത്തൗട്ട് പവർ റോളർ)എന്നയിനം 12.15m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 903.5/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | മൂല്യ നിർണ്ണയം നടത്തിയ അളവ്/ നിരക്ക് | നൽകിയ തുക | അനുവദിക്കാവുന്ന അളവ്/തുക | ജി.എസ്.ടി ഉൾപ്പെടെ അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 12.15m$^3$ | 12.15m$^3$ X 903.5/m$^3$ | 10978 | 12.15m$^3$ -10% = 10.935m$^3$x 903.5/m$^3$ =9880 | 10978-9880 =1098 +18% =1296/- | 243/22-23 /22.3.23, 647563/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/11.12.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ നിയമാനുസൃതം കുറവ് ചെയ്യേണ്ട കൺസോളിഡേഷൻ കുറവ് ചെയ്യാതെ മൂല്യ നിർണ്ണം നടത്തിയതുവഴി കരാറുകാർക്ക് അധികം നൽകിയ (6976+ 1951+ 1296),10223/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതുമൂലം അധികചെലവ്

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകുപ്പിന്റെ ഉത്തരവ് നം (അ)/01

/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04, സർക്കുലർ നം 7441/ഡി-1/04 ഐ ആന്റ് പി ആർ. തീയതി 21.06.04 എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൻഡോ മാതൃകയിൽ നൽകുന്ന ദർഘാസ് പരസ്യങ്ങൾ രണ്ട് കോളം (8cmx3cm)=24$cm^2$ വലുപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണ, നിർവ്വഹണ മോണിട്ടറിംഗ് ചെലവ് എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം.S0053/23) ഭാഗമായി ടെൻഡർ പരസ്യങ്ങൾക്കായി പത്ര പരസ്യം നൽകിയതിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ അനുവദനീയമായതിലും കൂടുതൽ തുക വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ചെലവഴിക്കുവാൻ ഇടയായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | പത്രത്തിന്റെ പേര്/ ഇൻവോയ്സ് നം | പരസ്യത്തിന്റെ വലിപ്പം ($CM^2$) | പരസ്യ നിരക്ക് | ആകെ അനുവദിച്ച് നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ബിൽ നം, തീയതി |
|---|---|---|---|---|---|---|---|
| 01 | ദേശാഭിമാനി ALP/22-23/ 2010/2.3.22 | 32 | 180 | (32x180 – 15% Dis) + 5% GST= 5141 | 24X180 – 15% Dis) + 5% GST =3856 | 5141-3856 = 1285 | 116/ 6.1.2023 |
| 02 | ദേശാഭിമാനി ALP/22-23/ 2148/13.3.22 | 32 | 180 | (32x180 – 15% Dis) + 5% GST= 5141 | 24X180 – 15% Dis) + 5% GST =3856 | 5141-3856 = 1285 | 116/ 6.1.2023 |
| 03 | ദേശാഭിമാനി ALP/22-23/ 0276/18.5.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 04 | ദേശാഭിമാനി ALP/22-23/ 0834/19.8.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 05 | ദേശാഭിമാനി ALP/22-23/ 1142/13.10.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 06 | ദേശാഭിമാനി ALP/22-23/ 1496/2.12.22 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 116/ 6.1.2023 |
| 07 | ദേശാഭിമാനി ALP/22-23/ | 32 | 220 | (32x220 – 15% Dis) + | 24X220 – 15% Dis) + 5% GST | 6283-4712 | 239/ 20.3.2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2105/9.2.23 | | | 5% GST= 6283 | =4712 | = 1571 | |
| 08 | ദേശാഭിമാനി ALP/22-23/ 2111/10.2.23 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 239/ 20.3.2023 |
| 09 | ദേശാഭിമാനി ALP/22-23/ 2181/18.2.23 | 32 | 220 | (32x220 – 15% Dis) + 5% GST= 6283 | 24X220 – 15% Dis) + 5% GST =4712 | 6283-4712 = 1571 | 239/ 20.3.2023 |
| | ആകെ തുക | | | | | 13567/- | |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യ തുകയിൽ 13567/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/11.12.2023) ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരസ്യം നൽകുന്നതുമൂലമാണ് സൈസ് വർദ്ധിക്കുന്നതെന്നും ഭാവിയിൽ ഇത് ഒഴിവാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

അധികം ചെലവഴിച്ച 13567/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

ചെലവ് വിവരം.

ബിൽ നം 239/20.3.2023 - 50919/-

ബിൽ നം 116/6.1.2023 - 43944/-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 317009 | പാലിന് സബ്സിഡി | 317009 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 158019 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 158019 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 173250 | കോവിഡ് 19 | 173250 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 199928 | പാലിയേറ്റീവ് കെയർ | 199928 | 0 |
| ആകെ | | 848206/- | | 848206/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 184818 | അനപൂരക | 184818 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാരം | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അഗതി ആശ്രയ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 46458 | ഹരിതകർമ്മ സേനയ്ക്ക് ട്രോളി | 46458 | 0 |
| ആകെ | | 6,31,276 | | 6,31,276 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 190/23 സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 1)305/ 29.03.23 | 10,00,000/- | 0 | 10,00,000/- |
| കെ.എസ്.ഇ.ബി | 152/23 വൈദ്യുത പോസ്റ്റുകൾ മാറ്റിയിടൽ | 183/ 21.2.2023 | 22499/- | 37743/- | 0 |
| | | 101/ 29.12.2022 | 15244/- | | |
| ഭൂജലവകുപ്പ് | 175/23 വിവിധ വാർഡുകളിൽ ട്യൂബ്വെൽ സ്ഥാപിക്കൽ | 322/ 31.03.2023 | 10,70,000 | 0 | 1845000 |
| | 14/23 ട്യൂബ്വെൽ സ്ഥാപിക്കൽ | 134/ 28.03.2023 | 7,75,000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുകയുടെ വിവരം

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC Loan | ലഭ്യമായില്ല | ഇല്ല | 2145315 | 1696582 | | 448733 |

4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10488058 |
| തൻവർഷ നിക്ഷേപം | 721311 |
| ആകെ | 11209369 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 11209369 |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 1850 | ഡോ.ഗംഗ, മെഡിക്കൽ ഓഫീസർ,ആയുർവേദം. | 1220100780/ 16.09.22 |
| 2015-16 | 2-7 | 1250 | ശ്രീ.ബൈജു കെ ജോൺ | 1220400658/ 24.02.23 |
| | | 2500 | ശ്രീ.ദിനേശ്ബാബു | 1220400657/ 24.02.23 |
| ആകെ | | 5600 | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 2-35 | 2009-10 | 3-4-1 | പദ്ധതി നിർവ്വഹണത്തിനായി രസീത് ഉപയോഗിക്കാതെ ഗുണഭോക്തൃ വിഹിതം പിരിച്ചു. | വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 2006-07 | 2-26 | 2009-10 | 3-8-4(1) | ഇരട്ട വീട് ഒറ്റയാക്കൽ – വ്യാജ രേഖയുണ്ടാക്കി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു. | വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 2016-17 | 2-1 | 2017-18 | 1-4-1 | വസ്തു നികുതി | വിവരങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പിരിവിൽ ഗുരുതര വീഴ്ച. | ലഭ്യമാക്കിയില്ല. |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,61,20,899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,82,17,182 |
| വരവിനങ്ങളിലുള്ള നഷ്ടം | 19926/-* |
| ചെലവിനങ്ങളിലുള്ള നഷ്ടം | 40389/-* |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,95,000/- |

*ബി-യിലേയും സി-യിലേയും ആകെ തുക

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | |
| 2-1 | 850 | 00 | ലത.എൽ, സെക്രട്ടറി |
| 2-2(1) | 11970 | 00 | ശ്രീ.ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 2-2(2) | 2986 | 00 | കെ പ്രസന്നകുമാരി, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി സിന്ധു ആർ ദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-1 | 00 | 7555/- | ശ്രീ.ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 1579/- | ശ്രീമതി.സരിത.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 00 | 10223/- | ശ്രീമതി.സരിത.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 00 | 8854/- 4713/- | ശ്രീമതി.സിന്ധു ആർ ദാസ്, സെക്രട്ടറി ശ്രീ.റ്റി.ഡി ഹരികുമാർ, സെക്രട്ടറി |
| ആകെ | 15806/- | 32924/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 10,00,000 | ശ്രീ.റ്റി.ഡി ഹരികുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-21 | 7,75,000/-<br><br>10,70,000/- | ശ്രീമതി.സിന്ധു ആർ ദാസ്, സെക്രട്ടറി<br>ശ്രീ.റ്റി.ഡി ഹരികുമാർ, സെക്രട്ടറി |
| 1-28 | 12,50,000 | ഡോ.ബിനിൽ ബി ചന്ദ്രൻ, വെറ്ററിനറി സർജൻ |
| ആകെ | 4095000/- | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-2 | - | 7465/- | കെ പ്രസന്നകുമാരി, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി സിന്ധു ആർ ദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 2-2 (3) | 100/- | . | കെ പ്രസന്നകുമാരി, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി സിന്ധു ആർ ദാസ് അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 2970/- | | ശ്രീമതി.കൃഷ്ണ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-35 | 1050 | | ശ്രീ.ജിനു അരവിന്ദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4120 | 7465 | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത.എൽ, സെക്രട്ടറി | സെക്രട്ടറി, പാണ്ടനാട് ഗ്രാമപഞ്ചായത്ത് | വല്ലകി, കുട്ടപ്പാന, നെയ്യാറ്റിൻകര.പി.ഒ. |
| സിന്ധു ആർ ദാസ് അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | ശ്രീനാരായണ ഗുരുമംഗലം, കാർത്തികപ്പള്ളി പി.ഒ, |
| ജിനു അരവിന്ദ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | മഞ്ചുനിവാസ്, കട്ടക്കപുരം, ക്ലാപ്പന പി ഒ, കൊല്ലം |
| ഡോ.ബിനിൽ.ബി.ചന്ദ്രൻ, | വെറ്ററിനറി സർജ്ജൻ, ചെട്ടികുളങ്ങര | ഭ്രവി ഹൌസ്, പാലമൂട്, |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | | നങ്ങ്യാർകുളങ്ങര.പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി.സരിത.എസ്,<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ<br>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | കൊല്ലേഴത്ത്,<br>ചവറ പി ഒ |
| ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി<br>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | തൈമൂട്ടിൽ, നീലികുളം,<br>കുലശേഖരപുരം |
| ശ്രീമതി.കൃഷ്ണ,<br>അസിസ്റ്റന്റ് ഫിഷറീസ്<br>എക്സ്റ്റൻഷൻ ഓഫീസർ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ<br>ഓഫീസർ, ആറാട്ടുപുഴ<br>ഗ്രാമപഞ്ചായത്ത് | പുന്നമൂട്ടിൽ,പറയകടവ്,<br>അമൃതപുരി പി.ഒ |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എൽ.എഫ്.എ.1486/89/10.03.90 |
| 1987-88 | എൽ.എഫ്.എ.1570/90/06.02.91 |
| 1988-89 | എൽ.എഫ്.എ.730/91/12.8.92 |
| 1989-90 | എൽ.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എൽ.എഫ്.എ.1057/93/05.11.95 |
| 1992-93 | എൽ.എഫ്.എ.1216/94/17.01.95 |
| 1993-94 | എൽ.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എൽ.എഫ്.എ5/58/98/26.0.98 |
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06,<br>2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10,<br>2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |

| | |
|---|---|
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16,<br>2016-17,<br>2017-18 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി-പി9-1318/22, തീയതി.02.05.2023 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി9- 793/2020 തീയതി. 12.01.2021 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി9-1051/2021 തീയതി.19.03.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി9/1052/2021 തീയതി.19.03.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/പി9/72/2023 തീയതി.23.03.2023 |

..

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 04-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aarattupuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aarattupuzha Grama Panchayat for the year 2022-2023

Date: 21/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Aarattupuzha Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Ratios, the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Closing balance [RP40(b)] in SBI E Payment account (no.37066250780) Rs.6,46,395/- does not match

with its Opening balance [RP40(a)] RS.6,46,400/- of 2022-23

4. Expenditure of Development Fund (Gen) as per accounts mismatch with the amount of Grant Statement
5. Amount of MGNREGA expenditure booked wrongly in I 14 (f).
6. Amount utilised for deposit works booked wrongly in B18 shedule.
7. Lapses in making timely and accurate demand entries in respect of tax and non tax revanues.
8. Asset Register and Investment Register not maintained properly and not match with AFS.
9. Arrear amount of Water charge not entered in Balance sheet liability head.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്